ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ശ്രീ.ബി.ടി.വി.കൃഷ്ണൻ, ബി.ടെക്)

ഉത്തരവ് നം. ബി1/41908/2020/സി.ഇ തീയതി. 30/10/2020

വിഷയം : ജീവനക്കാര്യം - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി.എൽ.വനജയെ ജോലിക്രമീകരണ വ്യവസ്ഥയിൽ ഹാർബർ എഞ്ചിനീയറിംഗ് ഇലക്ട്രിക്കൽ ഡിവിഷനിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 22/10/2020 തീയതിയിലെ സമർപ്പണം.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഐ.ടി എന്നീ വിഭാഗങ്ങളിലെ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി 17/08/2020 ൽ ഇലക്ട്രിക്കൽ ഡിവിഷൻ രൂപീകരിച്ച് ഉത്തരവായിരുന്നു. പ്രവൃത്തികളുടെ ബില്ല് ഓഡിറ്റ് ചെയ്യുന്നതിനും സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ സൂക്ഷിക്കുന്നതിനും അനുബന്ധ മേൽനോട്ട ചുമതലകൾക്കുമായി ഒരു സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥന്റെ സേവനം വിട്ടുനൽകാൻ ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാമർശപ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി.എൽ.വനജയെ ജോലിക്രമീകരണ വ്യവസ്ഥയിൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഇലക്ട്രിക്കൽ വിഭാഗത്തിൽ ഹെഡ് ക്ലാർക്കായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഹാജർ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് കോഴിക്കോട് ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ശമ്പളം നൽകേണ്ടതാണ്.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീമതി.എൽ. വനജ, ഹെഡ് ക്ലാർക്ക് (ആഫീസ് മേധാവി മുഖേന)

പകർപ്പ് : സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഉത്തരമേഖല.

ഉത്തരവിൻപ്രകാരം,
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T4/SI: